**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1727** **05-07-2022 - ൽ മറുപടിയ്ക്ക്**

**സംസ്കൃത സർവ്വകലാശാലയുടെ തുറവൂർ പ്രാദേശിക കേന്ദ്രത്തിനായുള്ള സ്ഥലമെടുപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്കൃത സർവ്വകലാശാലയുടെ തുറവൂർ പ്രാദേശിക കേന്ദ്രത്തിനായുള്ള സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (എ) | സംസ്കൃത സർവ്വകലാശാലയുടെ തുറവൂർ പ്രാദേശിക കേന്ദ്രത്തിന് സ്വന്തമായി കെട്ടിടം പണിയുവാനായി സർവ്വകലാശാല കണ്ടെത്തിയ സ്ഥലമായ ആലപ്പുഴ ജില്ലയിലെ ചേർത്തല താലൂക്കിലെ തുറവൂർ തെക്ക് വില്ലേജിൽപ്പെട്ട 6 ഏക്കർ 63.4 സെന്റ് വസ്തുവിന്റെ 12% ലധികം നിലമായിട്ടാണ് കാണിച്ചിരിക്കുന്നതെന്നതിനാലും കൃഷി വകുപ്പ് പ്രസ്തുത സ്ഥലം തരം മാറ്റിയിട്ടില്ലാത്തതിനാലും നിലമായി രേഖപ്പെടുത്തിയ ഭാഗം ഒഴിവാക്കി സ്ഥലം ഏറ്റെടുക്കുന്ന കാര്യം പരിശോധിച്ച് റിപ്പോർട്ട് നൽകാൻ സർവ്വകലാശാലയോട് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ റിപ്പോർട്ട് തയ്യാറാക്കി നൽകുവാൻ തുറവൂർ പ്രാദേശിക കേന്ദ്രം ഡയറക്ടറെ സർവ്വകലാശാല ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ